**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 248** **23-08-2022 - ൽ മറുപടിയ്ക്ക്**

**പബ്ലിക് ഹെൽത്ത് കേഡർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പബ്ലിക്ക് ഹെൽത്ത് കേഡർ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡറിനെ പബ്ലിക്ക് ഹെൽത്ത് കേഡർ, മെഡിക്കൽ സർവ്വീസസ് കേഡർ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാക്കി തിരിച്ചുകൊണ്ട് സ.ഉ.(കൈ) നം.71/2019 ആകുവ തീയതി 30.05.2019 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന് അനുസൃതമായി ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ സ്പെഷ്യൽ റൂൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി ആരോഗ്യമേഖലയ്ക്ക് ഉണ്ടാക്കുന്ന മാറ്റങ്ങൾ വിശദമാക്കാമോ? | (ബി) | കാലാവസ്ഥാജന്യ രോഗങ്ങൾ, പകർച്ച വ്യാധികൾ, ജീവിത ശൈലി രോഗങ്ങൾ എന്നിവ നിയന്ത്രണ വിധേയമാക്കുന്നതിനും തുടച്ച് നീക്കുന്നതിനും കൂടുതൽ ഫലപ്രദമായ ഒരു പൊതു ജനാരോഗ്യ സംവിധാനം എന്ന നിലയിലാണ് പബ്ലിക്ക് ഹെൽത്ത് കേഡർ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ